## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## പോലീസുകാരുടെ പോസ്റ്റൽ ബാലറ്റുകളിലെ തിരിമറി

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *176** **13/6/2019-ൽ മറുപടിക്ക്**

**ചോദ്യം**

**ശ്രീ. ഷാഫി പറമ്പിൽ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. അനിൽ അക്കര**
**ശ്രീ. വി.എസ്.ശിവകുമാർ**

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | പോലീസുകാരുടെ പോസ്റ്റൽ ബാലറ്റുകളിൽ വ്യാപക തിരിമറി നടന്നുവെന്ന ആരോപണത്തിന്റെ പശ്ചാത്തലത്തിൽ ഇക്കാര്യത്തെക്കുറിച്ച് ഇന്റലിജൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത അന്വേഷണത്തിൽ വെളിവായ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | (ബി) & (സി) | പോസ്റ്റൽ ബാലറ്റ് ക്രമക്കേട് സംബന്ധിച്ചുള്ള ആക്ഷേപത്തിന്മേൽ ഇന്റലിജൻസ് മേധാവി പ്രാഥമിക അന്വേഷണം നടത്തി, ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തണമെന്ന് ശുപാർശ ചെയ്ത് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ക്രൈം ബ്രാഞ്ച്, ഐ.ആർ. ബറ്റാലിയനിലെ കമാണ്ടോ പോലീസ് ഉദ്യോഗസ്ഥനെ പ്രതിയാക്കി ക്രൈം നമ്പർ 355/CB/TSR/D/2019 u/s 136 (d) (f) & (g) of Representation of People Act 1951 |
| (സി) | പോലീസ് അസോസിയേഷൻ നേതാക്കൾ ഭീഷണിപ്പെടുത്തി പോസ്റ്റൽ ബാലറ്റ് പേപ്പറുകൾ കൈക്കലാക്കിയെന്ന ആക്ഷേപം വസ്തുതാപരമാണോ; എങ്കിൽ ഈ കാര്യത്തിലുള്ള അന്വേഷണത്തിന്റെ | | |

| | | |
|---|---|---|
| അടിസ്ഥാനത്തിൽ കുറ്റക്കാരായി കണ്ടെത്തിയവർക്ക് എതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | | പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇതിനെ തുടർന്ന് ടിയാനെ സർവ്വീസിൽ നിന്നും മാറ്റി നിർത്തി വകുപ്പുതല അച്ചടക്ക നടപടിക്ക് ഉത്തരവായിട്ടുള്ളതാണ്. ഈ വിഷയത്തിലെ മറ്റ് ആരോപണങ്ങളും ക്രൈംബ്രാഞ്ച് അന്വേഷിച്ച് വരുന്നു. അന്വേഷണം പൂർത്തിയായാൽ മാത്രമേ ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിവാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ